**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3961** **03-03-2023 - ൽ മറുപടിയ്ക്ക്**

**വൺ ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൺ ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനുള്ള മാർഗരേഖയുടെ വിശദാംശം നൽകാമോ; | (എ) | **നവകേരളം കർമ്മ പദ്ധതി-2-ന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലാണ് ഏകാരോഗ്യം (വൺ ഹെൽത്ത്) പരിപാടി നടപ്പിലാക്കി വരുന്നത്. ജന്തുജന്യ രോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. ആദ്യ ഘട്ടമായി പമ്പാ നദീതട ജില്ലകളായ കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് പരിപാടി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.**<br><br>**പെട്ടന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയ്ക്കെതിരായി സംസ്ഥാനത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിൽ (IBRD) നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ബാങ്കിൽ (AIIB) നിന്നും കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കിയാണ് പ്രസ്തുത പദ്ധതി നടത്തി വരുന്നത്. ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് പരിപാടിയുടെ ഏകോപനച്ചുമതല.**<br><br>**മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മറ്റുജീവജാലങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യം നിരന്തരമായി നിരീക്ഷിക്കുന്നതിനും വ്യതിയാനങ്ങൾ, പ്രത്യേകിച്ചും, മനുഷ്യനെ ബാധിക്കുന്ന പകർച്ചവ്യാധികൾ നേരത്തെ** |

കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ പ്രാദേശിക, ജില്ല, സംസ്ഥാന തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സാധ്യമാക്കുന്ന സമഗ്രസമീപനമാണ് ഏകാരോഗ്യം പരിപാടിയിൽ സ്വീകരിച്ചിരിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബഹു. ആരോഗ്യ, വനിതാ-ശിശുവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലാണ് സംസ്ഥാനതലകമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിലും തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളിൽ അതാത് സ്ഥാപനതല അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലും ബന്ധപ്പെട്ട വകുപ്പുപ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന വൺ ഹെൽത്ത് കമ്മിറ്റികളായിരിക്കും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പരിപാടി നടപ്പിലാക്കുന്നത്. ആരോഗ്യം, തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, വനം, ഫിഷറീസ്, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി എന്നിവയാണ് പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രധാന വകുപ്പുകൾ.

ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി, പരിപാടിയുടെ ആശയം, വിവിധ ഘടകങ്ങൾ, നടപ്പാക്കുന്ന രീതി, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ്ശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ എന്നിവർക്ക് നൽകുന്നതായിരിക്കും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിതരോഗ നിരീക്ഷണത്തിനായുള്ള വോളണ്ടിയർമാർ/മെന്റർമാർ, മറ്റുവകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന ചുമതല കിലയ്ക്കും സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെൻറർ - കേരള-യ്ക്കുമാണ് (SHSRC-K) നൽകിയിട്ടുള്ളത്.

ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ഉൾപ്പെടെ പരിപാടിയുടെ വിവിധ ആശയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതോടൊപ്പം പരിപാടിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും

| | | | |
|---|---|---|---|
| | | | **സാധ്യമാക്കുന്നതിനുമായുള്ള ആശയവിനിമയം, പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി മനുഷ്യരിലും മറ്റ് ജീവജാലങ്ങളിലും രോഗങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് അറിയുന്നതിനായുള്ള നിരീക്ഷണം ശക്തിപ്പെടുത്തൽ, ആശുപത്രികളിലെ ലബോറട്ടറികളുടെ ശാക്തീകരണം, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള ശേഷിവർദ്ധിപ്പിക്കൽ തുടങ്ങിയവയാണ് സംസ്ഥാനത്ത് നടപ്പാക്കുന്ന ഏകാരോഗ്യ പരിപാടിയുടെ മറ്റു പ്രധാന ഘടകങ്ങൾ. രോഗനിരീക്ഷണം മുതൽ ഇടപെടൽ വരെ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഐ.ടി അധിഷ്ഠിത സംവിധാനങ്ങളായിരിക്കും നിലവിൽവരിക. രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2.5 ലക്ഷത്തോളം സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതാണ്. ഇതിന് വേണ്ട ട്രെയിനിംഗ് മൊഡ്യൂൾ കില തയ്യാറാക്കി വരുന്നു.**<br><br>**കേരളത്തിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കും. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരള (SHSRC-K)-യെ ആണ് സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. സെന്റർ ഫോർ വൺ ഹെൽത്തിനു കീഴിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസിനു കീഴിൽ സ്ഥാപിച്ചിട്ടുള്ള ജില്ലാ പ്രോഗ്രാം സപ്പോർട്ട് യൂണിറ്റും കോർപ്പറേഷൻ/പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ വൺ ഹെൽത്ത് കമ്മിറ്റികളുമായിരിക്കും പരിപാടികൾ നടപ്പിലാക്കുന്നത്. ഈ സംവിധാനങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് ആരോഗ്യ വകുപ്പ് മാറ്റിവച്ചിരിക്കുന്നതെന്നും പദ്ധതിക്കുവേണ്ടി വിദേശ ഏജൻസികളുടെ ഫണ്ടിംഗ് ഉണ്ടോയെന്നും അറിയിക്കാമോ; | (ബി) | പെട്ടന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ ഇവയ്ക്കെതിരായി കേരളത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും ധനസഹായം നൽകുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴിയാണ് ആരോഗ്യ വകുപ്പിന് പരിപാടി നടത്തിപ്പിനുള്ള ഫണ്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നത്. 2021-22 വർഷം 1,28,00,000/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷം രൂപ) രൂപയായിരുന്നു പരിപാടി നടത്തിപ്പിനായി അനുവദിച്ചിരുന്നത്. പരിപാടിയുടെ 2022-23 വർഷത്തേയ്ക്കുള്ള വിശദമായ പദ്ധതി രേഖയ്ക്ക് തത്വത്തിൽ അനുമതി നൽകി കഴിഞ്ഞു. 49.02 കോടി രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ നടത്തിപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മാറ്റി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിനെ ഏൽപ്പിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനത്തിന് നിർദേശം നൽകിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | വൺ ഹെൽത്ത് പദ്ധതിക്കുവേണ്ടി ആരോഗ്യ വകുപ്പിൽ പുതിയ സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ഡി) | വൺ ഹെൽത്ത് പരിപാടിക്കുവേണ്ടി ആരോഗ്യവകുപ്പിനു കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ കോർ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. പരിപാടിയുടെ പുരോഗതി വിലയിരുത്തുക, മോണിട്ടറിംഗ് എന്നിവയാണ് ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തങ്ങൾ.<br><br>കൂടാതെ പരിപാടിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും പരിപാടിയുടെ ഭാഗമായി തയ്യാറാക്കുന്ന വിവധ പ്രോട്ടോക്കോളുകൾ, പരിശീലന പരിപാടികൾക്കവശ്യമായ മോഡ്യൂളുകൾ, പ്രൊപ്പോസലുകൾ മുതലായവ സൂക്ഷ്മമായി പരിശോധിച്ച് പ്രസിദ്ധീകരണക്ഷമമാക്കുന്നതിനുമായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ